പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.620** **03-03-2020-ൽ മറുപടിക്ക്**

## ടൂറിസം മേഖലയിലെ സൗകര്യങ്ങളും സഞ്ചാര സുരക്ഷിതത്വവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.മമ്മൂട്ടി<br>,, പി.കെ.ബഷീർ<br>,, കെ.എൻ.എ ഖാദർ<br>,, പി.ഉബൈദുള്ള | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപ വരുമാനം നേടിത്തരുന്നതും ലക്ഷക്കണക്കിന് ആളുകൾക്ക് ഉപജീവനം ലഭ്യമാക്കുന്നതുമായ ടൂറിസം മേഖലയിൽ അതിനനുസരിച്ചുള്ള സൗകര്യങ്ങളും സഞ്ചാര സുരക്ഷിതത്വവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കിക്കൊണ്ടാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു. ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>വിനോദ സഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം സംവിധാനം കെൽട്രോൺ മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, നൂതന കർമ്മ പരിപാടിയായ "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിലെ പ്രധാന ഇനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്.<br>ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | ടൂറിസം മേഖലകളിലെ ഭൗതിക സാഹചര്യങ്ങളോടൊപ്പം ആവശ്യമായ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ടൂറിസം മേഖലയിലെ ഭൗതിക സാഹചര്യങ്ങൾ വിപുലമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും അധികദൂരത്തല്ലാതെ തന്നെ ആവശ്യമായ ആധുനിക ചികിത്സാ സൗകര്യങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും ലഭ്യമായതിനാൽ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകമായി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |

**സെക്ഷൻ ഓഫീസർ**